# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂൺ 25, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 327)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| ആരോഗ്യവും കുടുംബക്ഷേമയും ദേവസ്വവും വകുപ്പുമന്ത്രി | : | 3961 മുതൽ 4102 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | : | 4103 മുതൽ 4186 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | : | 4187 മുതൽ 4215 വരെ |
| പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | 4216 മുതൽ 4287 വരെ |

<u>രക്തബാങ്കുകളെ അപ്ഗ്രേഡ് ചെയ്യാൻ നടപടി</u>

3961 ശ്രീ. റോഷി അഗസ്റ്റിൻ
,, എം.വി. ശ്രേയാംസ് കുമാർ
,, പി.സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 13-ാം ധനകാര്യ കമ്മിഷൻ ആരോഗ്യ മേഖലയ്ക്ക് അവാർഡ് ചെയ്തിട്ടുള്ള തുകയെത്രയാണ്;

(ബി) പ്രസ്തുത ധനകാര്യ കമ്മീഷന്റെ അവാർഡ് ഫണ്ട് ഉപയോഗിച്ച് നടപ്പു സാമ്പത്തിക വർഷം നടപ്പാക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ ഏതെല്ലാമാണ്;

(സി) ആരോഗ്യ വകുപ്പിനു കീഴിൽ രക്ത ബാങ്കുകൾ, രക്തസംഭരണ കേന്ദ്രങ്ങൾ, രക്ത ഘടകം വേർതിരിക്കൽ യൂണിറ്റുകൾ എന്നിവയ്ക്കായി പ്രസ്തുത ഫണ്ടിൽ നിന്ന് തുക നീക്കിവച്ചിട്ടുണ്ടോ;വിശദാംശങ്ങൾ നൽകുമോ;

(ഡി) ആധുനിക ആരോഗ്യ സമ്പ്രദായത്തിൽ സൂക്ഷ്മവും സുരക്ഷിതവുമായ രക്തദാനം അത്യാവശ്യഘടകമാണെന്നത് കണക്കിലെടുത്ത് നടപ്പു സാമ്പത്തികവർഷം നിലവിലുള്ള രക്തബാങ്കുകളെ അപ്ഗ്രേഡ് ചെയ്ത് മേൽ യൂണിറ്റുകൾ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനം</u>

3962 ശ്രീ. ബെന്നി ബഹനാൻ
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം തരത്തിലുള്ള നിർമ്മാണങ്ങൾക്കാണ് പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 25.06.2014–ലെ മറുപടിക്ക്

ആശുപത്രികൾക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് അംഗീകാരം

3963 ശ്രീ. ലൂഡി ലൂയിസ്
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികൾക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് ആശുപത്രികളിൽ ഉറപ്പാക്കേണ്ടത്;വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം തരം ആശുപത്രികൾക്കാണ് ഈ അംഗീകാരം ലഭിച്ചിട്ടുള്ളത് ; വിശദമാക്കുമോ;

(ഡി) ഈ അംഗീകാരം ലഭിക്കുവാൻ സംസ്ഥാനത്തെ കൂടുതൽ ആശുപത്രികളെ സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആന്റ് കൊഗ്നിറ്റീവ് ന്യൂറോ സയൻസ്

3964 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആന്റ് കൊഗ്നിറ്റീവ് ന്യൂറോ സയൻസ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) മസ്തിഷ്ക, നാഡീവ്യൂഹ സംബന്ധമായ ജനിതകവൈകല്യമുള്ളവരെ ചികിത്സിക്കാനും പുനരധിപ്പിക്കാനുമായുള്ള പദ്ധതികൾ ഇതിന്റെ ഭാഗമായി നടത്തുന്നുണ്ടോ;

(ഡി) ഇതിന്റെ പ്രവർത്തനം സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളുടെ നിയന്ത്രണ വ്യവസ്ഥകൾ</u>

3965 ശ്രീ. ബി. സത്യൻ
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. കെ. ദാസൻ
'' കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലബോറട്ടറികൾ ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ നിലവാരം ഉറപ്പാക്കുന്നതിനും രോഗികളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനും നിലവിൽ എന്തെല്ലാം നിയന്ത്രണ വ്യവസ്ഥകളുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇത്തരം സ്ഥാപനങ്ങൾ നൽകി വരുന്ന സേവനങ്ങൾക്ക് നിലവാരം ഉറപ്പാക്കാനും നിലവാരത്തിനനുസരിച്ച് ഫീസ് നിശ്ചയിക്കാനും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ;

(സി) ഇതിനായി നിയമനിർമ്മാണം ആവശ്യമുണ്ടോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>ഇ-ഹെൽത്ത് പ്രോഗ്രാം</u>

3966 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പ്രോഗ്രാമിനായി ഈ സർക്കാർ എത്ര തുക നീക്കിവച്ചിട്ടുണ്ട്;

9ബി) ഇ-ഹെൽത്ത് പ്രോഗ്രാമിനായി എത്ര തുക കേന്ദ്രം അനുവദിച്ചു; എന്തെല്ലാം കാര്യങ്ങൾക്കാണ് തുക അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇ-ഹെൽത്ത് പ്രോഗ്രാമിലൂടെ എന്തെല്ലാം ആധുനിക സജ്ജീകരണങ്ങളാണ് ആരോഗ്യമേഖലയിൽ നടപ്പിലാക്കുക എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഇ-ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലെ ഒ.പി സമയം</u>

3967 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആശുപത്രികൾ, സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ഒ.പി. സമയം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഒ.പി.യിൽ ഡോക്ടർമാർ രോഗികളെ പരിശോധിക്കേണ്ടത് ഏതു സമയം മുതൽ ഏതു സമയം വരെയാണെന്ന് വിശദമാക്കാമോ;

(സി) ക്വാർട്ടേഴ്സുകൾ ലഭ്യമായ ആശുപത്രികളിൽ ഏതെങ്കിലും തസ്തികയിലുള്ള ഡോക്ടർമാർ നിർബന്ധമായി താമസിക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>ഡി. ആർ. ടി. കോഴ്സിന് പാരാമെഡിക്കൽ കൗൺസിൽ അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡം</u>

3968 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം ഡി. ആർ. ടി. പോലുള്ള കോഴ്സിന് പാരാമെഡിക്കൽ കൗൺസിൽ മുൻകാല പ്രാബല്യത്തോടെ അംഗീകാരം നൽകുമ്പോൾ കോഴ്സിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യ ക്ലിനിക്കൽ ലാബുകളും ആശുപത്രികളും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ</u>

3969 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികൾ വിവിധ പരിശോധനകൾക്ക് അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികൾ, സ്കാൻ സെന്ററുകൾ എന്നിവയ്ക്ക് മതിയായ നിലവാരം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ ക്ലിനിക്കൽ ലാബുകൾ, ആശുപത്രികൾ എന്നിവയെ നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണത്തിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>പുകയില നിയന്ത്രണം</u>

3970 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുകയില നിയന്ത്രണങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്; വ്യക്തമാക്കാമോ;

(ബി) ഇത്തരം പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് സംബന്ധിച്ച മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ;

(സി) അന്യസംസ്ഥാനത്തൊഴിലാളികളുടെ അനിയന്ത്രിതമായ കുടിയേറ്റംമൂലം കേരള വിപണിയിലെ പുകയില കച്ചവടം വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിലെ മരുന്ന് സംഭരണവും, വിതരണവും</u>

3971 ശ്രീ. ജോസഫ് വാഴക്കൻ
,, പാലോട് രവി
,, എം.എ. വാഹീദ്
,, വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ മരുന്ന് സംഭരണം, വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് ഇതിന്റെ പ്രവർത്തനം നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതിക്കായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>മരുന്നുകളുടെ ലഭ്യതയും വിലനിയന്ത്രണവും ഏകോപിക്കുവാൻ നടപടി</u>

3972 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരുന്നുകളുടെ ലഭ്യതയും വിലനിയന്ത്രണവും ഏകോപിക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) മരുന്നുകളുടെ വില നിയന്ത്രണത്തിന് പുതിയ നിയമം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ജീവൻരക്ഷാ മരുന്നുകൾ പാവപ്പെട്ട രോഗികൾക്ക് മിതമായ വിലയ്ക്ക് നൽകുന്നതിന് ന്യായവില ഷോപ്പുകൾ എല്ലാ താലൂക്കാശുപത്രികളിലും തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; ഈ വർഷം ഏതെല്ലാം ആശുപത്രികളിൽ ന്യായവില ഷോപ്പുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.06.2014–ലെ മറുപടിക്ക്

കെ.എസ്.ഡി.പി.യെ സംരക്ഷിക്കുവാൻ നടപടി

3973 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആവശ്യമനുസരിച്ച് പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി. നിർമ്മിച്ച മരുന്നുകൾ കോർപ്പറേഷൻ ഏറ്റെടുക്കാതെ തിരിച്ചയച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വിലകുറഞ്ഞതും ഗുണനിലവാരം കൂടിയതുമായ ഈ മരുന്നുകൾ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് നിരസിക്കുകയും കൂടിയ വിലയ്ക്ക് സ്വകാര്യ കമ്പനികളിൽ നിന്ന് ലോക്കൽ പർച്ചേസിലൂടെ ഇതേ മരുന്നുകൾ വാങ്ങാൻ അവസരമൊരുക്കുകയും ചെയ്യുന്ന ചില ഉന്നതോദ്യോഗസ്ഥരുടെ ഗൂഢാലോചനയാണ് ഇതിന് പിന്നിലെന്ന പരാതി പരിശോധിക്കുമോ;

(ഡി) പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.യെ സംരക്ഷിക്കുവാനും ഖജനാവിൽ നിന്നും കൂടുതൽ വില നൽകി മരുന്ന് വാങ്ങുന്നതുവഴിയുള്ള നഷ്ടം തടയാനും കെ.എസ്.ഡി.പി.യിൽ നിന്ന് തന്നെ മരുന്നുകൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) കെ.എസ്.ഡി.പി.യിൽ ലഭ്യമല്ലെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം സ്വകാര്യ കമ്പനികളിൽ നിന്ന് മരുന്നുകൾ വാങ്ങാൻ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ
പിഴവ് വരുത്തിയതു വഴി ഉണ്ടായ നഷ്ടം</u>

3974 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപയോഗം കുറവായിരുന്ന മരുന്നുകൾ വിതരണക്കാരെക്കൊണ്ട് തിരിച്ചെടുപ്പിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പിഴവ് വരുത്തിയതു വഴി എത്ര കോടി രൂപായുടെ നഷ്ടം ഉണ്ടായതായി അറിയിക്കുമോ;

(ബി) ആയത് സംബന്ധിച്ച് സി.എ.ജി. യുടെ കണ്ടെത്തലിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

## കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയുള്ള മരുന്നു സംഭരണം

3975 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന മരുന്നു സംഭരണം നടത്തുമ്പോൾ പൊതുമേഖലാ മരുന്നു കമ്പനികളിൽ നിന്നും മരുന്നു സംഭരിക്കുന്നതിന് മുൻഗണന നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ;

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിക്കുന്ന മരുന്നുകളിൽ കെ.എസ്.ഡി.പി. ഉൽപ്പാദിപ്പിക്കുന്ന ഏതെല്ലാം മരുന്നുകളാണുള്ളത്;

(സി) 2011–2012ലും 2012–13ലും 2013–14ലും പ്രസ്തുത മരുന്നുകൾ ആകെ എത്ര അളവിൽ എത്ര തുകയ്ക്ക് വാങ്ങിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ഇതിൽ എത്ര അളവ് മരുന്ന്, എത്ര തുകയ്ക്ക് കെ.എസ്.ഡി.പി.യിൽ നിന്നും ഓരോ വർഷവും വാങ്ങിയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

## ബേസിക് ലൈഫ് സേവിംഗ് ആംബുലൻസ്

3976 ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. വി. ശശി
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ ബേസിക് ലൈഫ് സേവിംഗ് ആംബുലൻസ് വാങ്ങി സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ എത്ര ആംബുലൻസുകൾ വാങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ആംബുലൻസുകളിൽ എന്തെല്ലാം അത്യാധുനിക സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നത്, ഇവയുടെ സേവന വ്യവസ്ഥകൾ ഏതു വിധത്തിലായിരിക്കുമെന്ന് വിശദമാക്കുമോ;

(സി) 108 ആംബുലൻസ് സർവ്വീസുകൾ നിറുത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കെ.ഡി. പി.എൽ.-ൽ നിന്നും മരുന്ന് വാങ്ങാനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വിമുഖത കാണിക്കുന്നതിന്റെ കാരണം</u>

3977 ഡോ. റ്റി. എം. തോമസ് ഐസക്
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. രാധാകൃഷ്ണൻ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏക പൊതുമേഖലാ ഔഷധ നിർമ്മാണ സ്ഥാപനമായ കേരള ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡിൽ നിന്നും മരുന്നു വാങ്ങാനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിമുഖത കാണിക്കുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; അതുവഴി ആ സ്ഥാപനം പ്രതിസന്ധിയിലായിരിക്കുന്നത് അറിയാമോ;

(ബി) കെ. എം. എസ്. സി എൽ. വാങ്ങുന്ന മരുന്നുകളുടെ 25% മാർഗ്ഗ നിർദ്ദേശം പാലിക്കുന്നവയല്ലെന്ന് കെ, എം. എസ്. സി. എല്ലിന്റെ ഗവേഷണ വിഭാഗം തന്നെ കണ്ടെത്തിയ സ്ഥിതിക്ക് സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനം നിർമ്മിക്കുന്ന മരുന്നുകൾക്ക് മുൻഗണന നൽകാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

## കാരുണ്യ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം

3978 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം മന്ദീഭവിപ്പിക്കുവാനും ക്രമേണ നിർത്തലാക്കുവാനും ശ്രമം നടക്കുന്നുവെന്ന പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൂടുതൽ കാരുണ്യ ഔട്ട്ലെറ്റുകൾ തുടങ്ങാൻ പദ്ധതിയുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം തുടങ്ങാൻ ഉദ്ദേശിക്കുന്നു ;

(സി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ വെയർഹൗസുകളിൽ ആവശ്യത്തിന് മരുന്നു സ്റ്റോക്കു ചെയ്യാത്തതുമൂലം കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ മരുന്നു ലഭ്യമാക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം നിലവിലുണ്ടോ ;

(ഡി) സാധാരണക്കാരും പാവപ്പെട്ടവരുമായ രോഗികൾ ആശ്രയിക്കുന്ന കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ ആവശ്യത്തിനുള്ള മരുന്നു ലഭ്യമാക്കുന്നതിനും കാരുണ്യ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ</u>
<u>2013 -14-ലെ മരുന്നു സംഭരണം</u>

3979 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആകെ എത്ര തുകയുടെ മരുന്നുകൾ സംഭരിക്കുകയുണ്ടായി;

(ബി) ഇതിൽ എത്ര തുകയുടെ മരുന്നുകളാണ് ടെൻഡർ നടപടികളിലൂടെ വാങ്ങിയത്;

(സി) ടെൻഡർ നടപടികളിലൂടെ വാങ്ങിയ മരുന്നുകളുടെ പേരുവിവരവും എത്ര അളവിൽ മരുന്നു വാങ്ങിയെന്നും ഓരോ മരുന്നും എത്ര തുകയ്ക്ക് വീതം വാങ്ങിയെന്നും വ്യക്തമാക്കുമോ;

(ഡി) ടെൻഡർ നടപടികളിലൂടെയല്ലാതെ ഡയറക്ട് പർച്ചേസിംഗിലൂടെയോ മറ്റേതെങ്കിലും മാർഗം അവലംബിച്ചോ ഇക്കാലയളവിൽ മരുന്നു സംഭരണം നടത്തിയിട്ടുണ്ടോ;

(ഇ) ഇത്തരത്തിൽ എത്ര തുകയുടെ മരുന്നുസംഭരണം നടത്തിയിട്ടുണ്ട്;

(എഫ്) ഏതെല്ലാം സ്ഥാപനങ്ങളിൽനിന്നും എത്ര വീതം രൂപയ്ക്ക് ഏതെല്ലാം മരുന്നുകളാണ് ഇത്തരത്തിൽ സംഭരിച്ചതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 2012-13 ലെ മരുന്നുസംഭരണം</u>

3980 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 2012-13 വർഷത്തിൽ എത്ര തുകയുടെ മരുന്നുസംഭരണം നടത്തുകയുണ്ടായി;

(ബി) 2012-13 ൽ മരുന്നുസംഭരണം നടത്തിയ ഇനത്തിൽ എത്ര തുക ഇനിയും വിവിധ സ്ഥാപനങ്ങൾക്ക് നൽകുവാനുണ്ട്;

(സി) ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുക വീതം നൽകുവാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 2011-12 ലെ മരുന്നു സംഭരണം

3981 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 2011-12 വർഷത്തിൽ ആകെ എത്ര തുകയുടെ മരുന്ന് സംഭരണം നടത്തുകയുണ്ടായി;

(ബി) 2011-12-ൽ മരുന്ന് സംഭരണം നടത്തിയ ഇനത്തിൽ എത്ര തുക ഇനിയും വിവിധ സ്ഥാപനങ്ങൾക്ക് നൽകുവാനുണ്ട്;

(സി) ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുക വീതം നൽകുവാനുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നു സംഭരണ ഇനത്തിൽ നല്കുവാനുള്ള തുക</u>

3982 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 2013-14 വർഷത്തിൽ ആകെ എത്ര തുകയുടെ മരുന്ന് സംഭരണം നടത്തുകയുണ്ടായി;

(ബി) 2013-14-ൽ മരുന്ന് സംഭരണം നടത്തിയ ഇനത്തിൽ എത്ര തുക ഇനിയും വിവിധ സ്ഥാപനങ്ങൾക്ക് നൽകുവാനുണ്ട്;

(സി) ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുക വീതം നൽകുവാനുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

**ജനറിക് മരുന്നുകൾ നൽകാൻ തീരുമാനിച്ചതിന്റെ ഫലമായി അധികമായി വേണ്ടിവരുന്ന ഫാർമസിസ്റ്റുകൾ**

3983 ഡോ. കെ. ടി. ജലീൽ
ശ്രീ. ഇ. പി. ജയരാജൻ
,, എ. എം. ആരിഫ്
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരാശുപത്രികളില ബ്രാന്റഡ് മരുന്നുകൾക്ക് പകരം ജനറിക് മരുന്നുകൾ നൽകാൻ തീരുമാനിച്ച തിന്റെ ഫലമായി എത്ര ഫാർമസിസ്റ്റുമാർ അധികമായി വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; പുതു തായി അനുവദിച്ച തസ്തികകൾ എത്രയെണ്ണമാണ്;

(ബി) ഫാർമസിസ്റ്റുകൾ മാത്രമേ മരുന്നു വിതരണം ചെയ്യാൻ പാടുള്ളൂവെന്ന് നിയമമുണ്ടോ ;

(സി) 900 ൽ അധികം വരുന്ന ജനറിക് മരുന്നുകൾ രോഗി കൾക്ക് വിതരണം ചെയ്യാൻ നിലവിലുള്ള ഫാർമസിസ്റ്റു കൾ പര്യാപ്തമല്ലാത്തതുകൊണ്ട് നേഴ്സിംഗ് അസി സ്റ്റന്റുമാർ ഉൾപ്പെടെയുള്ളവർ ജനറിക് മരുന്ന് നൽകു ന്നുവെന്ന വാർത്തയെക്കുറിച്ച് അന്വേഷണം നടത്തിയി രുന്നോ ;

(ഡി) യോഗ്യതയില്ലാത്തവർ മരുന്നു നൽകുന്നത് കൊണ്ട് രോഗികൾ അപകടത്തിലാവാനുള്ള സാധ്യത പരിശോ ധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം, കാൻസർ രോഗങ്ങൾക്കുള്ള ഔഷധങ്ങളുടെ ഉയർന്ന വില</u>

3984 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഹം കാൻസർ തുടങ്ങിയ രോഗികളും, ഗർഭിണികളും ഉപയോഗിക്കുന്ന മരുന്നുകളുടെ വില അടിക്കടി ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) കയറ്റുമതി വളർച്ചാനിരക്ക് ഇടിഞ്ഞതിനെ തുടർന്ന് ആഭ്യന്തര വിപണിയിൽ പ്രസ്തുത മരുന്നുകളുടെ വില പത്തുശതമാനം കൂട്ടാൻ കമ്പനികൾ ശ്രമിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൽ നിന്നും സംസ്ഥാനത്ത് ഈ മരുന്നുകൾ ഉപയോഗിക്കുന്നവർക്ക് സംരക്ഷണം നൽകാൻ എന്തു നടപടി സ്വീകരിക്കും; വ്യക്തമാക്കുമോ;

(ഡി) മരുന്നു കമ്പനികൾ വില നിശ്ചയിക്കുമ്പോൾ വില നിയന്ത്രണ നിയമവും സുപ്രീംകോടതി നിർദ്ദേശങ്ങളും നടപ്പിലാക്കുന്നുവോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ല എങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) പ്രസ്തുത രോഗികളും, ഗർഭിണികളും ഉപയോഗിക്കുന്ന മരുന്നുകളുടെ വില ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഉള്ളതിനേക്കാൾ നിലവിൽ ഓരോന്നിനും എത്ര ശതമാനം കണ്ട് വർദ്ധിച്ചുവെന്ന് വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാ ഓഫീസുകൾ</u>

T3985 ശ്രീ. പി. എ. മാധവൻ
,, കെ. അച്ചുതൻ
,, ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷാ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാ സർക്കിളുകളുടെ പ്രവർത്തനം</u>

T3986 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിൽ ഭക്ഷ്യസുരക്ഷാ സർക്കിളുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിൽ എത്ര ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്; നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഉള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനും കച്ചവടസ്ഥാപനങ്ങളിലും ഭക്ഷണശാലകളിലും യഥാസമയം പരിശോധന നടത്താനും പ്രസ്തുത സർക്കിളുകളിൽ വേണ്ടത്ര ഉദ്യോഗസ്ഥൻമാർ ഇല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>മായം കലർത്തലും വിൽപനയുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകുന്ന പരമാവധി ശിക്ഷകൾ</u>

3987 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴകിയതും രാസവസ്തുകൾ കലർന്നതുമായ മാംസം ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ കണ്ടെത്താൻ ഭക്ഷ്യസുരക്ഷാ വകുപ്പ് കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര സ്ഥലങ്ങളിൽ പരിശോധന നടത്തിയെന്നും എത്ര കേസുകൾ എടുത്തു എന്നും വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭക്ഷ്യസാധനങ്ങളിൽ മായം ചേർക്കുന്നതും മായം കലർന്ന ഭക്ഷ്യസാധനങ്ങൾ വിൽപന നടത്തുന്നതും പരമാവധി ശിക്ഷകൾ എന്താണെന്ന് വ്യക്തമാക്കുമോ; ഇത്തരം കുറ്റത്തിനുള്ള ശിക്ഷ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഹോട്ടലുകളെ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി</u>

3988 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളുടെ നിലവാരം ഉയർത്താൻ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം എന്തെല്ലാം നിർദ്ദേശങ്ങളാണ് ഹോട്ടലുടമകൾ പ്രാവർത്തികമാക്കേണ്ടത്; അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഗുണനിലവാരമുള്ള ഭക്ഷണം ശുചിത്വപൂർണ്ണമായ അന്തരീക്ഷത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി എല്ലാ ഹോട്ടലുകളെയും ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം</u>

3989 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാവിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി കർമ്മപരിപാടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പരിപാടിയുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ട്രെയിനിൽ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പരിശോധന

T3990 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ട്രെയിനുകളിലെ ഭക്ഷണത്തെക്കുറിച്ച് ഉയർന്നിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ട്രെയിനുകളിലെ ഭക്ഷണത്തെ സംബന്ധിച്ച പരാതികളെക്കുറിച്ച് ഭക്ഷ്യസുരക്ഷാ വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ട്രെയിനുകളിലെ പാൻട്രികാറുകളിലും റെയിൽവേസ്റ്റേഷനിലെ ഹോട്ടലുകളിലും ഭക്ഷ്യസുരക്ഷാ വിഭാഗം പരിശോധനകൾ നടത്താറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യ സുരക്ഷാ സർക്കിളുകൾ</u>

T3991 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഭക്ഷ്യസുരക്ഷാസർക്കിളുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ എത്ര സർക്കിളുകളിൽ ഭക്ഷ്യസുരക്ഷാ ഓഫിസർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ലൈസൻസിങ്, രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച എത്ര സ്ഥാപനങ്ങളുണ്ട്;

(ഡി) ജീവനക്കാരുടെ കുറവുമൂലം രജിസ്ട്രേഷനും പരിശോധനയും യഥാസമയം നടത്താൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാ ഓഫീസര്‍ നിയമന മാനദണ്ഡവും ഒഴിവുകളും</u>

3992 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭക്ഷ്യസുരക്ഷാ ഓഫീസര്‍മാരെ (എഫ്.എസ്.ഒ.) നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തൊട്ടാകെ എഫ്.എസ്.ഒ. മാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എഫ്.എസ്.ഒ.മാരായി നിയമിക്കുന്നതിനുള്ള നിശ്ചിത യോഗ്യത എന്താണെന്നും ആരോഗ്യവകുപ്പില്‍ നിന്നും ബൈട്രാന്‍സ്ഫര്‍ മുഖേന ഈ തസ്തികയില്‍ ആളെ നിയമിക്കുവാന്‍ ഉദ്ദേശിക്കുന്നുവെങ്കില്‍ മാനദണ്ഡം ഏന്തണന്നും വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തൊട്ടാകെ എഫ്.എസ്.ഒ. മാരുടെ എത്ര ഒഴിവുകള്‍ ഉണ്ടെന്ന് മണ്ഡലാടിസ്ഥാനത്തില്‍ വ്യക്തമാക്കാമോ;

(ഇ) വൈപ്പിന്‍ മണ്ഡലത്തില്‍ എത്ര എഫ്.എസ്.ഒ.മാര്‍ നിലവിലുണ്ട്; എത്ര ഒഴിവുകള്‍ ഉണ്ട് ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

മായംചേർക്കലിനെതിരെ നടപടി

T3993 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെളിച്ചെണ്ണ പോലുള്ള വസ്തുക്കളിലെ മായം പരിശോധിച്ച് ശുദ്ധമായ ഭക്ഷ്യവസ്തുക്കൾ പൊതുവിപണിയിൽ ലഭ്യമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിന് പരിശോധനകൾ നടത്താനുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്നു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന ഒട്ടേറെ രോഗങ്ങൾക്ക് ഭക്ഷ്യവസ്തുക്കളിലെ മായം പ്രധാന കാരണമാണെന്നതിനാൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നവയും, സപ്ലൈകോ, കൺസ്യൂമർഫെഡ് എന്നീ സ്ഥാപനങ്ങൾ വാങ്ങുന്നവയുമായ ഭക്ഷ്യവസ്തുക്കൾ പരിശോധിച്ച് വിപണിയിലെത്തിക്കാൻ സംവിധാനം ഒരുക്കുമോ;

(ഡി) ജനങ്ങൾക്കു ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളിൽ മായം കലർന്നിട്ടുണ്ടെന്ന് പരാതിയുണ്ടായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>മായം ചേർത്ത വെളിച്ചെണ്ണ പിടിച്ചെടുക്കൽ</u>

3994 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മായം ചേർത്ത വെളിച്ചെണ്ണ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃത്രിമ വെളിച്ചെണ്ണ ഫുഡ് സേഫ്റ്റി അതോറിറ്റി പിടിച്ചെടുത്തിട്ടുണ്ടോ; എത്ര ലിറ്റർ; എവിടെനിന്നെല്ലാം;

(സി) എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; പ്രതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) വെളിച്ചെണ്ണയുടെ സംശുദ്ധി ഉറപ്പ് വരുത്തുന്നതിനും പാക്ക് ചെയ്ത വെളിച്ചെണ്ണകളിൽ മായം ചേർത്തിട്ടില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും ഫുഡ് സേഫ്റ്റി അതോറിറ്റി എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>വെളിച്ചെണ്ണയിലെ മായം</u>

T3995 ശ്രീ. സി. പി. മുഹമ്മദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(ഇ) വെളിച്ചെണ്ണയിൽ മായം ചേർന്നതായി സംശയിച്ച് എത്ര ടാങ്കർ ലോറികളാണ് വെളിച്ചെണ്ണയുമായി പിടിച്ചെടുത്തിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽ പിടിച്ചെടുത്ത വെളിച്ചെണ്ണയുടെ ശാസ്ത്രീയ പരിശോധനാ ഫലം കിട്ടിയിട്ടുണ്ടോ;

(സി) വെളിച്ചെണ്ണയിൽ മായം ചേർക്കുന്നത് കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാ സർക്കിളുകളിലെ ഒഴിവുകൾ</u>

T3996 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി രൂപവത്കരിച്ചിട്ടുള്ള ഭക്ഷ്യസുരക്ഷാ സർക്കിളുകളിലെ അനുവദനീയ തസ്തികകളുടെ എണ്ണം ഇനംതിരിച്ച് നിയോജകമണ്ഡലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന വിവരം ഇനംതിരിച്ച് മണ്ഡലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(സി) മതിയായ ജീവനക്കാരില്ലാത്ത കാരണത്താൽ മിക്ക സ്ഥാപനങ്ങളിലും, ഭക്ഷണശാലകളിലും കാര്യക്ഷമമായി പരിശോധന നടത്തുന്നതിനോ പരാതി പരിഹരിക്കുന്നതിനോ കഴിയാത്ത അവസ്ഥ പരിഹരിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പഴകിയ ഇറച്ചി വില്പനയ്ക്കെതിരെ സ്വീകരിച്ച നടപടി</u>

T3997 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്താകെ പഴകിയ ഇറച്ചി കണ്ടെത്തുന്നതു സംബന്ധിച്ച് എത്ര റെയിഡുകൾ നടത്തിയിട്ടുണ്ട്; ഇതു പ്രകാരം ഉപയോഗശൂന്യമായ എത്ര കിലോ ഇറച്ചി കണ്ടെത്തി നശിപ്പിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

അറവുശാലകളുടെ പ്രവര്‍ത്തനം പരിശോധിക്കാന്‍ സ്ക്വാഡ്

3998 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പല അറവുശാലകളുടെയും പ്രവര്‍ത്തനം നിയമപരമല്ല എന്ന റിപ്പോര്‍ട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) അറവുശാലകള്‍ ആരംഭിക്കുന്നതിന് ആരോഗ്യവകുപ്പിന്റെ അനുമതി നിര്‍ബന്ധമാക്കിയിട്ടുണ്ടോ;

(സി) അറവുശാലകളുടെ പ്രവര്‍ത്തനം പരിശോധിക്കാന്‍ താലൂക്ക് തലത്തിലോ ജില്ലാതലത്തിലോ പ്രത്യേക സ്ക്വാഡ് രൂപീകരിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>അനുമതിയില്ലാത്ത അറവുശാലകൾക്കെതിരെ നടപടി</u>

3999 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ അനുമതിയോടെ എത്ര അറവുശാലകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ലതിരിച്ച് പറയാമോ;

(ബി) ഈ അറവുശാലകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും മറ്റ് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരും നിശ്ചിത സമയപരിധി നിശ്ചയിച്ച് പരിശോധനനടത്തുന്നതിൽ നിന്ന് നിബന്ധനകൾ പാലിച്ചുകൊണ്ടാണോ പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നുണ്ടോ;

(സി) സംസ്ഥാനത്ത് അനുമതികളൊന്നുമില്ലാതെ വൃത്തിഹീനമായി പ്രവർത്തിക്കുന്ന എത്ര അറവുശാലകൾ ആരോഗ്യവകുപ്പ് കണ്ടുപിടിച്ച് മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഡി) ആരോഗ്യവകുപ്പിന്റേയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും അനുമതിയില്ലാതെ പ്രവർത്തിക്കുന്ന അറവുശാലകൾ പൂർണ്ണമായും അടച്ചുപൂട്ടിയെന്നുറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പകർച്ചവ്യാധികൾ പകരുന്നത് തടയാൻ നടപടി</u>

4000 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കോളറ റിപ്പോർട്ട് ചെയ്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മഴക്കാലത്തോടനുബന്ധിച്ച് നടത്തേണ്ട ആരോഗ്യപരിപാലന പരിപാടികളിലും, ശുചീകരണ പ്രവർത്തനങ്ങളിലുമുള്ള പാളിച്ചകൾ, പകർച്ച വ്യാധികൾ പടരുന്നതിന് കാരണമാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പകർച്ചവ്യാധികൾ പടരുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

കായംകുളം നഗരസഭയിൽ പകർച്ചവ്യാധി നിയന്ത്രണ പരിപാടി

4001 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധി നിയന്ത്രണ പരിപാടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ കായംകുളം നഗരസഭയിൽ 44 വാർഡുകളിലേക്ക് എത്ര ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടർമാരുടെ സേവനം ലഭ്യമാണ്;

(ബി) ഇപ്പോൾ നിലവിലുള്ള ആരോഗ്യ പ്രവർത്തകരുടെ എണ്ണം പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ കഴിയത്തക്ക തരത്തിലുള്ളതാണോ;

(സി) മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി കായംകുളം നഗരസഭയിലേയ്ക്ക് കൂടുതൽ ആരോഗ്യ പ്രവർത്തകരെ താല്ക്കാലികമായി നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

കായംകുളം മണ്ഡലത്തിൽ മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങൾ

4002 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ചെട്ടികുളങ്ങര, പത്തിയൂർ, കൃഷ്ണപുരം, ദേവികുളങ്ങര, കണ്ടല്ലൂർ, ഭരണിക്കാവ് എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

പൊന്നാനി, വെളിയങ്കോട് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ

4003 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ വെളിയങ്കോട് പി.എച്ച്.സി. യിൽ ഉണ്ടായിരുന്ന എച്ച്.ഐ, എൽ. എച്ച്.ഐ തസ്തികകൾ പുന:ക്രമീകരണ ഉത്തരവ് പ്രകാരം തൃക്കണാപുരം സി.എച്ച്.സി.യിൽ നിന്ന് പൂക്കോട്ടൂർ പി.എച്ച്.സി.യിലെക്ക് മാറ്റിയതുമൂലം വെളിയങ്കോട് പി.എച്ച്.സി-യിലെ രണ്ട് തസ്തികകൾ ഇല്ലാതായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതുമുലം തീരദേശ പഞ്ചായത്തായ വെളിയങ്കോട്ട് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ പ്രയാസപ്പെടുന്ന കാര്യം അറിയാമോ;

(സി) എങ്കിൽ പ്രസ്തുത തസ്തികകൾ പൂക്കോട്ടൂർ പി.എച്ച്. സി-യിൽ നിന്ന് മാറഞ്ചേരി സിഎച്ച്സി യിലേക്ക് മാറ്റി പുന:ക്രമീകരണം നടത്താമോ;

(ഡി) പെരുമ്പടപ്പ് ബ്ലോക്കിലെ മാറഞ്ചേരി സി.എച്ച്.സി യ്ക്കു കീഴിൽ വരുന്ന വെളിയങ്കോട് പി.എച്ച്.സി. യിലെ പ്രശ്നങ്ങൾ ഇത്തരം മാറ്റത്തിലുടെ പരിഹരിച്ചു നൽകുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>ഭക്ഷണശാലകൾ പാലിക്കേണ്ട 30 ഇന ശുചിത്വമാനദണ്ഡങ്ങൾ</u>

4004 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷണശാലകൾ പാലിക്കേണ്ട 30 ഇന ശുചിത്വ മാനദണ്ഡങ്ങൾ ഏതൊക്കെയെന്നു വ്യക്തമാക്കുമോ ;

(ബി) ശുചിത്വമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ വിഭാഗം പരിശോധന നടത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) വൈക്കം നിയോജകമണ്ഡല പരിധിയിൽ ശുചിത്വമാനദണ്ഡങ്ങൾ പാലിക്കുന്നതായി കണ്ടെത്തിയ കടകൾ ഏതൊക്കെയെന്നും എത്ര തവണ ഇവിടുത്തെ ഭക്ഷണശാലകളിൽ പരിശോധന നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ശുചിത്വമാനദണ്ഡങ്ങൾ പാലിക്കാത്ത ഹോട്ടലുകളും മറ്റ് കടകൾക്കുമെതിരെ എന്തുനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഫോർമാലിൻ പ്രയോഗിച്ച മത്സ്യങ്ങൾ
ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ</u>

4005 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മത്സ്യത്തിൽ ഫോർമാലിൻ അനിയന്ത്രിതമായ തോതിൽ ഉപയോഗിക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

(ബി) ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഇത്തരം മത്സ്യങ്ങൾ ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകാവുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ഹോട്ടലുകളിലെയും തട്ടുകടകളിലെയും ശുചിത്വ പരിശോധന

4006 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എട്ടു പഞ്ചായത്തുകളിലെ ബേക്കറികളിലും ഹോട്ടലുകളിലും 2014 ജനുവരിക്ക് ശേഷം ആരോഗ്യവകുപ്പ് അധികൃതർ എത്ര പരിശോധനകൾ നടത്തിയെന്നും സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ ;

(ബി) ബേക്കറികളിലും ഹോട്ടലുകളിലും ഭക്ഷണം പാകം ചെയ്യുന്നതിനും വിളമ്പുന്നതിനും നിയോഗിച്ചിട്ടുള്ള അന്യസംസ്ഥാന തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(സി) മണ്ഡലത്തിലെ തട്ടുകടകളിലെ ശുചിത്വ പരിശോധന നടത്തുന്നതിന് നിലവിലുള്ള സംവിധാനം എന്തെന്നും 2014 ജനുവരിക്ക് ശേഷം ആരോഗ്യവകുപ്പ് അധികൃതർ നടത്തിയ പരിശോധന സംബന്ധിച്ച വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ഭക്ഷ്യവസ്തുക്കൾ തിരിച്ചയയ്ക്കുന്ന നടപടി

T4007 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറ്റുസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പഴങ്ങൾ, പച്ചക്കറികൾ, മുട്ട, പാൽ, മാംസം തുടങ്ങിയ ഭക്ഷ്യ വസ്തുക്കൾ പരിശോധന നടത്തുന്നതിന് സർക്കാർ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുളളത് എന്ന് വ്യക്തമാക്കുമോ;

(ബി) മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മായംചേർത്തതും, മാരകമായ കീടനാശിനികൾ അടങ്ങിയതുമായ ഭക്ഷ്യ വസ്തുക്കൾ തിരിച്ചയക്കുന്നതിനുളള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്താന്‍ പരിശോധന</u>

4008 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭക്ഷ്യവസ്തുക്കളില്‍ വ്യാപകമായി മായം കലര്‍ത്തുന്നുവെന്ന മാധ്യമ വാര്‍ത്തകള്‍ പരിശോധിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന് നാളിതുവരെ ഭക്ഷ്യവസ്തുക്കളില്‍ മായം ചേര്‍ത്തതുമായി ബന്ധപ്പെട്ട എത്ര കേസുകള്‍ റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ; ജില്ല തിരിച്ച് കണക്കുകള്‍ വെളിപ്പെടുത്താമോ;

(സി) ഈ കേസുകളില്‍ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥര്‍ നേരിട്ട് പരിശോധന നടത്തിയ എത്ര കേസുകളുണ്ടെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

താലൂക്ക് ആശുപത്രികളിലെ
ക്യാഷ്വാലിറ്റി സൗകര്യം

4009 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാഷ്വാലിറ്റി സൗകര്യം ഇല്ലാത്ത താലൂക്ക് ആശുപത്രികളിൽ പ്രസ്തുത സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) പേരാവൂർ താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം സമയബന്ധിതമായി ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ വികസന പദ്ധതികൾ</u>

4010 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-2015 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ളതും ആരോഗ്യ വകുപ്പ് കോഴിക്കോട് ജില്ലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മിനി ലാബുകൾ</u>

4011 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മിനി ലാബുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഇത് ആരംഭിക്കുന്നത്?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

പി. എച്ച്. സി യിൽ കിടത്തി ചികിത്സ ആരംഭിക്കാൻ നടപടി

4012 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിലോ സർക്കാർ മേഖലയിലോ കിടത്തി ചികിത്സ ഇല്ലാത്തതും അന്യ സംസ്ഥാനത്തൊഴിലാളികൾ അടക്കം നിരവധിയാളുകൾക്ക് ആശ്രയകേന്ദ്രവുമായ മുളവുകാട് പി. എച്ച്. സി യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പി. എച്ച്. സി യിൽ ഐ. പി ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര രോഗികൾക്ക് കിടക്കുന്നതിനുള്ള സൗകര്യമാണ് കെട്ടിടത്തിലുള്ളതെന്നും നിർമ്മാണ ചെലവ് എത്രയെന്നും വ്യക്തമാക്കാമോ;

(സി) കിടത്തി ചികിത്സയ്ക്ക് ആവശ്യമായ എന്തെല്ലാം സാധന സാമഗ്രികൾ ഇവിടെ വാങ്ങിയിട്ടുണ്ടെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

പുളിങ്കുന്ന് താലൂക്ക് ആശുപത്രി ഗ്രൗണ്ട് പുന:രുദ്ധാരണം

4013 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുളിങ്കുന്ന് താലൂക്ക് ആശുപത്രി ഗ്രൗണ്ട് പുന:രുദ്ധാരണത്തിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ട റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി താലൂക്ക് ആശുപത്രിയിൽ അനുവദിച്ച 22 ലക്ഷം രൂപയുടെ ആർ.ഓ പ്ലാന്റിൽ നിന്നും കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

താലൂക്ക് ആശുപത്രിയിൽ പ്രകൃതി സൗഹൃദ മന്ദിരം പണിയാൻ നടപടി

4014 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്ക് ആശുപത്രിയിൽ പ്രകൃതി സൗഹൃദ മന്ദിരം പണിയുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഏത് നിർവ്വഹണ ഏജൻസിയെയാണ് ചുമതപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>മുനമ്പം സർക്കാർ ആശുപത്രി വികസനം</u>

4015 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനമ്പം സർക്കാർ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(ബി) രണ്ട് വർഷക്കാലമായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഉണ്ടെങ്കിൽ ഒഴിവുനികത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ഗൈനക്കോളജിസ്റ്റിന്റെ സേവനം രോഗികൾക്ക് ലഭ്യമാക്കുന്നതിനും ആശുപത്രി കെട്ടിടം പോലുള്ള അടിസ്ഥാന സൗകര്യവികസനത്തിനും ഈ സർക്കാർ അധികാരത്തിൽ എത്തിയതിന് ശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

വട്ടിയൂർക്കാവ് - കുലശേഖരം പി.എച്ച്.സി യിൽ കൂടുതൽ സൗകര്യങ്ങൾ

4016 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് - കുലശേഖരം പ്രൈമറി ഹെൽത്ത് സെന്ററിൽ ഈ സർക്കാർ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഹെൽത്ത് സെന്ററിൽ ചികിത്സ തേടുന്ന ഔട്ട്പേഷ്യന്റ്/ഇൻപേഷ്യന്റ് വിഭാഗം രോഗികളുടെ ശരാശരി എണ്ണം എത്രയാണ്;

(സി) നിശ്ചിത നിബന്ധന പ്രകാരം ഇവിടെ ആവശ്യമായ മെഡിക്കൽ/ പാരാമെഡിക്കൽ ജീവനക്കാരുടെ എണ്ണവും ഇപ്പോൾ നിലവിലുള്ള ജീവനക്കാരുടെ എണ്ണവും എത്രയാണ്;

(ഡി) കുറവുള്ള മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ അടിയന്തരമായി നിയമിക്കുമോ;

(ഇ) വട്ടിയൂർക്കാവ് പി.എച്ച്.സി യിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ</u>

4017 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകളും അതിനുള്ള സാങ്കേതിക വിഭാഗം ജീവനക്കാരെയും അനുവദിക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>വൈദ്യപരിശോധനാലാബുകൾക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ സർട്ടിഫിക്കറ്റ്</u>

4018 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, സി. മോയിൻകുട്ടി
,, കെ.എൻ.എ. ഖാദർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വൈദ്യപരിശോധനാലാബുകൾക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (എൻ.എ.ബി.എൽ) സർട്ടിഫിക്കറ്റ് നേടുന്ന കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര പരിശോധനാ ലാബുകളാണ് സർക്കാർ / സ്വകാര്യമേഖലകളിൽ പ്രവർത്തിക്കുന്നതെന്നതിന്റെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>മലപ്പുറം താലൂക്ക് ആശുപത്രിയിൽ അനുവദിച്ച കാരുണ്യ ഫാർമസി</u>

4019 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ താലൂക്ക്-ജില്ലാ ആശുപത്രികളിലും കാരുണ്യ ഫാർമസികൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മലപ്പുറം താലൂക്ക് ആശുപത്രിയിൽ അനുവദിച്ച കാരുണ്യ ഫാർമസി എന്നത്തേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>മഴക്കാലപൂർവ്വരോഗ നിയന്ത്രണത്തിന് നടപടി</u>

4020 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മഴക്കാല പൂർവ്വരോഗ നിയന്ത്രണത്തിനും ശുചീകരണത്തിനും നേതൃത്വം നൽകുന്നതിന് ആവശ്യമായ ഫീൽഡുവിഭാഗം ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം</u>

4021 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാലങ്ങളിൽ പടർന്നുപിടിക്കാനും, പിടിപെടാനും സാധ്യതയുണ്ടെന്നു കരുതുന്ന രോഗങ്ങൾക്കുള്ള പ്രതിരോധ മരുന്നുകൾ എല്ലാ ജില്ലകളിലും ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; മരുന്നുകൾക്ക് ക്ഷാമമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എച്ച്1 എൻ1 രോഗികൾക്കുള്ള മരുന്നുകൾക്ക് സർക്കാർ ആശുപത്രിയിൽ ക്ഷാമമുള്ളതായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആവശ്യമായ മരുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>'മെർസ്'' രോഗം കേരളത്തിലേയ്ക്ക് വ്യാപിക്കുന്നത് തടയുന്നതിനായി നടപടികൾ</u>

4022

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഗൾഫ് രാജ്യങ്ങളിൽ നിന്നും മറ്റ് വിദേശരാജ്യങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന യാത്രക്കാരിൽ 'മെർസ്'' രോഗം ഉണ്ടോയെന്ന് പരിശോധിക്കുന്നതിനും അവരെ തുടർന്ന് നിരീക്ഷിക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

അയഡിൻ അപര്യാപ്തതാ അസുഖ നിയന്ത്രണ
ദേശീയ പരിപാടി

4023 ശ്രീ. പി. കെ. ഗുരുദാസൻ
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. സി. കെ. സദാശിവൻ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയഡിൻ അപര്യാപ്തത അസുഖ നിയന്ത്രണ ദേശീയ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ;

(ബി) അഞ്ചുവർഷം കൂടുമ്പോൾ അയഡിൻ ചേർന്ന ഉപ്പിന്റെ പ്രഭാവം സർവ്വെയിലൂടെ പരിശോധിക്കണമെന്ന ലക്ഷ്യം പാലിച്ചോ; സംസ്ഥാനത്ത് നടത്തിയ സർവ്വെയിലെ കണ്ടെത്തൽ വിശദമാക്കുമോ;

(സി) അയഡിൻ ഉപ്പുപയോഗം ആരംഭിച്ചതിനുശേഷം അയഡിൻ അപര്യാപ്തതാ അസുഖങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചെന്ന അനൗദ്യോഗിക ഗവേഷണ ഫലങ്ങൾ പരിശോധിച്ചിരുന്നോ; നിഗമനം അറിയിക്കാമോ;

(ഡി) ഇത് ശരിയാണെങ്കിൽ അയഡിൻ രഹിത ഉപ്പ് വില്പന നിരോധനം നീക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ</u>
<u>ഓട്ടിസം ചികിത്സക്കായി പ്രത്യേക സെൽ</u>

4024 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓട്ടിസം ബാധിച്ച കുട്ടികൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിർദ്ധനർ തിങ്ങിപ്പാർക്കുന്ന നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഓട്ടിസം ചികിത്സക്കായി ഒരു പ്രത്യേക സെൽ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

തലശ്ശേരി ജനറൽ ആശുപത്രിയുടെ ഭാഗമായി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

4025 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ജനറൽ ആശുപത്രിയുടെ ഭാഗമായി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മിക്കുന്നതിന് കണ്ടെത്തിയ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) സ്ഥലമേറ്റെടുക്കൽ നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>സിസേറിയൻ പ്രസവങ്ങൾ വർദ്ധിച്ചുവരുന്ന സ്ഥിതിവിശേഷം</u>

4026 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ 60% ത്തിലധികം പ്രസവങ്ങൾ സിസേറിയനിലൂടെയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിസേറിയൻ പ്രസവങ്ങൾ കുറച്ചുകൊണ്ട് വരുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>വൈത്തിരി താലൂക്ക് ആശുപത്രിയിൽ മെറ്റേണിറ്റി യൂണിറ്റ്</u>

4027 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈത്തിരി താലൂക്ക് ആശുപത്രിയിൽ മെറ്റേണിറ്റി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു ഘട്ടം വരെയായി എന്നു വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്തു തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് വിശദമാക്കുമോ;

(സി) പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>മാവേലിക്കര ജില്ലാ ആശുപത്രിയിൽ വിശ്രമകേന്ദ്രവും ഡോർമിറ്ററിയും</u>

4028 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എയുടെ ആസ്തി വികസനഫണ്ടിൽ ഉൾപ്പെടുത്തി മാവേലിക്കര ജില്ലാ ആശുപത്രിയിൽ രോഗികളുടെ കൂട്ടിരിപ്പുകാർക്ക് വിശ്രമകേന്ദ്രവും ഡോർമിറ്ററിയും ഉൾപ്പെടെയുള്ള കെട്ടിടം നിർമ്മിക്കുന്നതിനു തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി ആരോഗ്യ വകുപ്പിൽ നിന്നും ഹെൽത്ത് ഡയറക്ടർക്ക് ഫയൽ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രവൃത്തിക്ക് ഹെൽത്ത് ഡയറക്ടർ 14.01.2014-ൽ ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടും നാളിതുവരെയായി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>അച്ചൻകോവിൽ പ്രൈമറി പ്രൈമറി ഹെൽത്ത് സെന്ററിൽ ആംബുലൻസ്</u>

4029 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഒറ്റപ്പെട്ട ഗിരിവർഗ്ഗ കേന്ദ്രമായ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിൽ (അച്ചൻ കോവിൽ) ഒരു ആംബുലൻസ് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഹെൽത്ത് സെന്ററിൽ സ്ഥിരം ഡോക്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ട്രൈബൽ വിഭാഗക്കാർ തിങ്ങിപാർക്കുന്ന അച്ചൻകോവിൽ മേഖലയിൽ ഹെൽത്ത് വർക്കർമാരും എസ്.റ്റി. പ്രൊമോട്ടർമാരും ജോലിയിൽ വേണ്ടത്ര ജാഗ്രത കാട്ടുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിലേക്കായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ മാറഞ്ചേരി സി.എച്ച്.സി.യിലെ ഉദ്യോഗസ്ഥരുടെ വിഷമങ്ങൾ</u>

4030 ശ്രീ. പി.ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മാറഞ്ചേരി സി.എച്ച്.സിയിൽ ജോലി ചെയ്യുന്ന ഒരു എച്ച്.ഐ., ഒരു പി.എച്ച്.എൻ., മൂന്ന് ജെ.പി.എച്ച്.എൻ., മൂന്ന് ജെ.എച്ച്.ഐ. എന്നിവരുടെ ഭരണപരമായ നിയന്ത്രണം ഇപ്പോഴും തൃക്കണാപുരം സി.എച്ച്.സി.യിൽ ആയതുകൊണ്ട് ജീവനക്കാർ വർഷങ്ങളായി അനുഭവിക്കുന്ന വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ട് സ്ഥാപനങ്ങളും തമ്മിൽ 15 കി.മീ.ൽ കൂടുതൽ ദൂരത്തിലാണ് ഉള്ളത് എന്ന് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ മേൽപറഞ്ഞ 8 തസ്തികകൾ മാറഞ്ചേരി സി.എച്ച്.സിയിലേക്ക് മാറ്റുന്നതിന് ഉടൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിന് നിയമപരമായി എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

എല്ലാ ജില്ലകളിലും 108 ആബുലൻസ് സംവിധാനം

4031 ശ്രീ. ഇ. പി. ജയരാജൻ
,, ജി. സുധാകരൻ
,, കെ. കെ. നാരായണൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 108 ആബുലൻസ് സംവിധാനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചിരുന്നോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ബി) എല്ലാ ജില്ലകളിലും അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് സംവിധാനമുള്ള ആബുലൻസുകളാണോ വാങ്ങാൻ ടെണ്ടർ ക്ഷണിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അടിസ്ഥാന സൗകര്യങ്ങൾ മാത്രമുള്ള ആംബുലൻസുകൾ വാങ്ങുകവഴി പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യമായിരുന്ന എമർജൻസി മെഡിക്കൽ സർവ്വീസ് സാദ്ധ്യമാകുമോ;

(ഡി) നിലവിലെ നടപടിക്രമങ്ങൾ റദ്ദുചെയ്ത് എമർജൻസി മെഡിക്കൽ സേവനം ഒരുക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>'108 ആംബുലൻസ്' സേവനം</u>

4032 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ '108 ആംബുലൻസ്' സംവിധാനം നിലവിൽ വന്നത് എന്നുമുതലാണെന്ന് അറിയിക്കുമോ;

(ബി) ഓരോ ജില്ലയിലും എത്ര ആബുലൻസുകൾ വീതമാണ് സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഏകദേശം എത്ര രോഗികൾക്കാണ് ഇതുകൊണ്ടുള്ള സേവനം ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) 108 ആംബുലൻസുകളുടെ എണ്ണം ഇപ്പോൾ കുറയ്ക്കുകയോ ഇവയുടെ സേവനം നിർത്തലാക്കുകയോ ചെയ്തിട്ടുണ്ടോ; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) നിർത്തലാക്കിയ ആംബുലൻസുകൾ പുന:സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

108 ആംബുലൻസിന്റെ സേവനം എല്ലാ ജില്ലയിലും

4033 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസിന്റെ സേവനം എല്ലാ ജില്ലയിലും നടപ്പാക്കുമെന്ന ഈ സർക്കാർ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ല എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് 108 ആംബുലൻസിന്റെ സേവനം നിലവിലുള്ളത് എന്നും എത്ര ആംബുലൻസുകൾ വീതം സേവനം നടത്തുന്നുവെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 108 ആംബുലൻസിന്റെ സേവനം ഏത് എജൻസിയെയാണ് ഏൽപ്പിച്ചിരുന്നത്; അതിനുശേഷം ഏതൊക്കെ ഏജൻസികളെ ഏൽപ്പിക്കുകയുണ്ടായി; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ വന്നശേഷം ഓരോ വർഷവും 2014 മാർച്ച് 31 വരെ ഇതിന്റെ പ്രവർത്തനത്തിനായി ആരോഗ്യവകുപ്പ് എത്ര കോടി രൂപ മാറ്റി വച്ചിരുന്നു; ആയതിൽ എത്ര കോടി രൂപ ചെലവാക്കി; വ്യക്തമാക്കുമോ;

(ഇ) ഇതേവരെ എത്ര പേരുടെ ജീവൻ 108 ആംബുലൻസ് സേവനം വഴി രക്ഷിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) എല്ലാ ജില്ലയിലും ഇതിന്റെ സേവനം ലഭ്യമാക്കാൻ സർക്കാർ എന്തു നടപടി സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പ്രൈമറി ഹെൽത്ത് സെന്ററിന് എൻ.ആർ.എച്ച്.എം. ഫണ്ട്</u>

4034 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളത്തൂപ്പുഴ പ്രൈമറി ഹെൽത്ത് സെന്ററിന് കെട്ടിടം പണിയുന്നതിന് എൻ.ആർ.എച്ച്.എം ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്ന് ടെൻഡർ ചെയ്യപ്പെടും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ എൻ. ആർ. എച്ച്. എം. ഫണ്ട് വിനിയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ</u>

4035 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന ആശുപത്രികൾക്കായി 2013-14 സാമ്പത്തിക വർഷം എൻ. ആർ. എച്ച്. എം. ഫണ്ടിൽ നിന്നും എത്ര രൂപ അനുവദിച്ചിരുന്നു;

(ബി) പ്രസ്തുത ഫണ്ട് വിനിയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(സി) രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രസ്തുത ഫണ്ടിൽ നിന്നും എത്ര തുക ചെലവഴിച്ചു; നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>എൻ. ആർ. എച്ച്.എം ഫണ്ട്- കാസർഗോഡ്</u>

4036 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശുപത്രിയുടെ നവീകരണത്തിനായി 2013-14 സാമ്പത്തിക വർഷത്തിൽ എൻ. ആർ. എച്ച്.എം. ഫണ്ടിൽ നിന്ന് കാസർഗോഡ് ജില്ലക്ക് എന്ത് തുക അനുവദിച്ചിരുന്നു;

(ബി) ഇതിൽ എത്ര തുക ചിലവഴിച്ചു ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുളളത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

എൻ. ആർ. എച്ച്. എം. -ലെ നിയമനങ്ങൾ

4037 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. എച്ച്. എം -ൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്; വിവിധ തസ്തികകളുൾപ്പെടെയുള്ള വിശദ വിവരങ്ങൾ നൽകുമോ;

(ബി) പ്രസ്തുത നിയമനങ്ങൾ നടത്തിയതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) നേരിട്ടുള്ള നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികൾ മേൽ തലങ്ങളിലേക്ക്
ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

4038 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു സർക്കാർ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ/മറ്റ് സൗകര്യങ്ങൾ എന്തെല്ലാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) താലൂക്ക് ആശുപത്രികളെ ജില്ല/ജനറൽ ആശുപത്രികളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ആവശ്യമായ നിർബന്ധിത അടിസ്ഥാന സൗകര്യങ്ങൾ/മറ്റ് സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ ജില്ലാ ആശുപത്രികളോ/ജനറൽ ആശുപത്രികളോ ആയി ഉയർത്താൻ യോഗ്യതയുള്ള സംസ്ഥാനത്തെ താലൂക്ക് ആശുപത്രികൾ ഏതെല്ലാമെന്ന് പറയുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പൂക്കോട് പ്രാഥമികാരോഗ്യകേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുവാൻ നടപടി</u>

4039 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുക്കാൽ ലക്ഷത്തോളം ജനങ്ങൾ തിങ്ങി പാർക്കുന്ന ഗുരുവായൂർ നഗരസഭയുടെ പരിധിക്കുള്ളിൽ കിടത്തി ചികിത്സാസൗകര്യം ഉള്ള ഒരു ആരോഗ്യ കേന്ദ്രം പോലും നിലവിലില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സവിശേഷ സാഹചര്യത്തിൽ ഇരുന്നൂറോളം രോഗികൾ ദിനം പ്രതി എത്തിചേരുന്ന പൂക്കോട് പ്രാഥമികാരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തി കിടത്തി ചികിത്സയ്ക്കുള്ള സൗകര്യം ഒരുക്കുമോ; നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ ആയി ഉയർത്താൻ നടപടി</u>

4040 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ ആയി ഉയർത്താനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) കണ്ണൂർ ജില്ലയിലെ കാങ്കോൽ-ആലപ്പടവ് പഞ്ചായത്ത് പ്രാഥമിക ആരോഗ്യകേന്ദ്രം, സാമൂഹ്യആരോഗ്യ കേന്ദ്രമായി ഉയർത്താനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>ഹീമോഫീലിയ രോഗികൾക്കുള്ള സഹായം</u>

4041 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ രോഗികൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നത്;

(ബി) ഒരു ചെറിയ മുറിവ് വന്നാൽപോലും ഈ രോഗികൾക്ക് വലിയ ചെലവ് വരും എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹീമോഫീലിയ രോഗികളുടെ മുഴുവൻ ചികിത്സാചെലവുകളും സർക്കാർ വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഹീമോഫീലിയ രോഗികൾക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങളും മരുന്നുകളും</u>

4042 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ രോഗികൾക്ക് ചികിത്സ ലഭിക്കുന്നതിന് സർക്കാർ മേഖലയിൽ സൗകര്യങ്ങൾ പരിമിതമാണെന്ന് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ചികിത്സയ്ക്കായി കൂടുതൽ സർക്കാർ ആശുപത്രികളിൽ സൗകര്യമേർപ്പെടുത്തുന്നതിനും മരുന്നുകൾ കാരുണ്യാ മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഹീമോഫീലിയ രോഗികൾക്ക് ആർ. എസ്. ബി. വൈ. ചിസ് പ്ലസ് ആനുകൂല്യം ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് സെന്റർ - ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

4043

ശ്രീ. ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, റ്റി. എൻ. പ്രതാപൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് സെന്റർ സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുമുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന്റെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) എവിടെയാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കാൻസർ ചികിത്സാ ഗവേഷണ കേന്ദ്രം</u>

4044 ശ്രീ. എ. എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നിലവാരത്തിലുള്ള കാൻസർ ചികിത്സാ ഗവേഷണ കേന്ദ്രം സ്ഥാപിക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് തീരുമാനമെടുത്തതെന്നും എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനായി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) എത്ര രൂപയാണ് ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഇ) സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(എഫ്) ഗവേഷണ കേന്ദ്രം എന്ന് പൂർണ്ണ സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

**സംസ്ഥാനത്തെ കാൻസർ രോഗബാധിതരുടെ രോഗപ്രതിരോധത്തിനും ചികിത്സയ്ക്കും കർമ്മ പദ്ധതികൾ**

4045 ശ്രീ. എം.പി. വിൻസെന്റ്
,, വി.റ്റി. ബൽറാം
,, അൻവർ സാദത്ത്
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാൻസർ രോഗബാധിതരുടെ രോഗപ്രതിരോധത്തിനും ചികിത്സയ്ക്കും എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) ഇതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും, ജില്ലാ ആശുപത്രികളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത സംവിധാനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കാമോ; ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>അമിത കീടനാശിനി പ്രയോഗം മൂലമുള്ള കാൻസർ രോഗ വർദ്ധന</u>

4046 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ പോലെയുള്ള രോഗങ്ങളും ജനിതക വൈകല്യങ്ങളും ക്രമാതീതമായി വർദ്ധിക്കുന്നത് പഴം, പച്ചക്കറികൾ, ഭക്ഷ്യധാന്യങ്ങൾ എന്നിവയിലെ അമിത കീടനാശിനി പ്രയോഗങ്ങളും, രാസവളങ്ങളുടെ അമിത ഉപയോഗവും മൂലമാണെന്നത് സംബന്ധിച്ച് പഠന റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഒരു പഠന സമിതിയെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കാൻസർ രോഗികൾക്കുള്ള പെൻഷൻ പദ്ധതി</u>

T4047 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാൻസർ രോഗികൾക്ക് പെൻഷൻ നല്കി വരുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കാൻസർ രോഗനിർണ്ണയത്തിനും ചികിത്സക്കുമായുള്ള സൗകര്യങ്ങൾ</u>

4048 ശ്രീ. പി.റ്റി.എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗ നിർണ്ണയത്തിനും ചികിൽസക്കുമായി എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കാൻസർ വ്യാപകമാകാനുള്ള കാരണങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>ശ്വാസകോശ രോഗബാധിതരുടെയും കാൻസർ രോഗബാധിതരുടെയും എണ്ണം വർദ്ധിക്കുന്നത് തടയുന്നതിന് നടപടി</u>

4049 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ശ്വാസകോശ സംബന്ധമായ രോഗികളുടെയും കാൻസർ രോഗബാധിതരുടെയും എണ്ണം ഓരോ വർഷവും വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം സംബന്ധിച്ച് ശാസ്ത്രീയമായി പഠിക്കാനും ഓരോ വർഷവും ഇത്തരം രോഗം ബാധിച്ച് ചികിത്സയിൽ എത്തുന്നവരുടെ എണ്ണം കൃത്യമായി രേഖപ്പെടുത്താനും എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഈ രോഗങ്ങൾ പെരുകുന്നതിന്റെ കാരണം സംബന്ധിച്ച് ശാസ്ത്രീയമായി പഠിക്കാനും അതിനുള്ള പ്രതിവിധി കണ്ടുപിടിക്കാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ്</u>

4050 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഡിയേഷൻ സുരക്ഷ ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള റെഗുലേറ്ററി ബോഡിയായ റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ് ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇതിൽ എത്ര ജീവനക്കാരുണ്ടെന്നും ഇപ്പോൾ ഏത് വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നതെന്നും വിശദമാക്കുമോ;

(ഡി) ഇതിനെ പ്രത്യേക വകുപ്പാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>കൊച്ചിയിലെ കാൻസർ ചികിത്സാ ഗവേഷണകേന്ദ്രം</u>

4051 ശ്രീ. എൻ. കെ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കാൻസർ ചികിത്സാ ഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്നു തീരുമാനം കൈക്കൊണ്ടു;

(ബി) ഈ ആവശ്യത്തിന് എന്തു തുക നീക്കിവച്ചിട്ടുണ്ട് ; ഇതേവരെ ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ</u>

4052 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ കടന്നുവരവ് ആരോഗ്യമേഖലയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തൊഴിലാളികൾ അധിവസിക്കുന്ന ക്യാമ്പുകളിൽ സംസ്ഥാനത്തുനിന്നും ഉന്മൂലനം ചെയ്ത പല രോഗങ്ങളും പ്രത്യക്ഷപ്പെടുവാൻ തുടങ്ങിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രോഗവാഹകരായ അന്യസംസ്ഥാന തൊഴിലാളികളെ അതിർത്തിയിൽവച്ചുതന്നെ പരിശോധിച്ച് തിരിച്ചയയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ</u>

4053 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നിർമ്മാണമേഖലകളിൽ ജോലിയെടുക്കുന്ന ലക്ഷക്കണക്കായ അന്യസംസ്ഥാന തൊഴിലാളികൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; കെട്ടിടനിർമ്മാണ കേന്ദ്രങ്ങളിൽ ഇടതിങ്ങിതാമസിക്കുന്ന ഈ വിഭാഗം തൊഴിലാളികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തൊഴിലാളികൾ നാട്ടിൻപുറങ്ങളിലും പൊതുസ്ഥലങ്ങളിലും മല-മൂത്ര വിസർജ്ജനം നടത്തുന്നതായി പരാതികൾ ഉണ്ടായിട്ടുണ്ടോ; തന്മൂലം ഇത്തരം ആളുകൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുവാനിടയുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അടിസ്ഥാന ജീവിതസാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും പകർച്ചവ്യാധികൾ തടയുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിൽ നിലവിലുള്ള ഡോക്ടർമാരുടെ തസ്തിക</u>

4054 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ ആശുപത്രികളിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിൽ ഒഴിഞ്ഞു കിടക്കുന്നവ എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഫാർമസിസ്റ്റ് ഒഴിവുകൾ</u>

4055 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫാർമസിസ്റ്റ് തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഈ ഒഴിവുകൾ എല്ലാം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) എത്ര ഒഴിവുകളാണ് ഇനി റിപ്പോർട്ട് ചെയ്യേണ്ടത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>റേഡിയോഗ്രാഫർ തസ്തിക</u>

4056 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡിയോഗ്രാഫർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ, റാങ്ക് ലിസ്റ്റ് നിലനിൽക്കുന്ന അവസരത്തിൽ, എതെങ്കിലും യൂണിവേഴ്സിറ്റിക്ക് റോഡിയോഗ്രാഫർ കോഴ്സിന് മുൻകാല പ്രാബല്യത്തോടെ അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) ഇതിനെതിരെ ആരെങ്കിലും പരാതികൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) ഈ വിഷയത്തിൽ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് വിശദമാക്കാമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>മെഡിക്കൽ റെക്കോഡ് ലൈബ്രേറിയൻ തസ്തികയിലെ നിയമനം</u>

4057 ശ്രീ. എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ എത്ര മെഡിക്കൽ റെക്കോഡ് ലൈബ്രേറിയൻ തസ്തികകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര തസ്തികകളാണ് റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതു കാരണം ഒഴിഞ്ഞുകിടക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ഉടൻ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പി. ഇ. ഐ. ഡി. സെൽ കോർഡിനേറ്റർ & പ്രൊഫസർ തസ്തിക നിയമനം</u>

4058 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പി. ഇ. ഐ. ഡി സെൽ പ്രൊഫസർ & കോർഡിനേറ്റർ തസ്തിക എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പോസ്റ്റിലേക്ക് എന്തുകൊണ്ടാണ് പ്രമോഷൻ നൽകി പുതിയ ആളിനെ നിയമിക്കാത്തതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ചാവക്കാട് താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്നതിന് നടപടി</u>

4059 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന് തയ്യാറാകുമോ ;

(ബി) പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാർ, നഴ്സുമാർ എന്നിവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കായംകുളം താലൂക്കാശുപത്രിയിൽ സർജ്ജന്റെ പുതിയ തസ്തിക</u>

4060 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയിൽ സർജ്ജന്റെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി

4061 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും എൽ.ഡി ക്ലാർക്കുമാരുടെയും എൽ.ഡി ടൈപ്പിസ്റ്റുമാരുടെയും ഒഴിവുകൾ കൃത്യസമയത്ത് പി.എസ്.സി യ്ക്കു റിപ്പോർട്ട് ചെയ്യുന്നതിൽ എപ്പോഴെങ്കിലും എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ;

(ബി) നാളിതുവരെയുള്ള ഏതെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വിധത്തിൽ കിടപ്പുണ്ടോ;

(സി) 2014 ആഗസ്റ്റ് 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ട്; ഈ ഒഴിവുകൾ പി.എസ്.സി.യ്ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>പൊതുസ്ഥലമാറ്റം</u>

4062 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ പൊതുസ്ഥലമാറ്റത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; പൊതുസ്ഥലമാറ്റത്തിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ ക്ഷണിച്ചത് എന്നാണ്;

(ബി) പൊതുസ്ഥലമാറ്റത്തിനുള്ളവരുടെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ പ്രസിദ്ധീകരിക്കാതിരിക്കാനിടയായ സാഹചര്യം വിശദമാക്കുമോ;

(സി) പൊതുസ്ഥലമാറ്റം അട്ടിമറിക്കാൻ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പൊതുസ്ഥലമാറ്റം ഏറ്റവും അടിയന്തരമായി പൂർത്തിയാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ഇ) 2014-ലെ പൊതുസ്ഥലമാറ്റം എത്ര നാളുകൾക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയും ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>വെള്ളരിക്കുണ്ട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേണ്‍</u>

4063 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വെള്ളരിക്കുണ്ട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ നിലവിലെ സ്റ്റാഫ് പാറ്റേണ്‍ സംബന്ധിച്ച് വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തില്‍ വിവിധ തസ്തികകളിലായി എത്ര ഒഴിവുകളാണ് ഉള്ളതെന്ന് തസ്തിക തിരിച്ചു കണക്കുകള്‍ ലഭ്യമാക്കാമോ;

(സി) സ്ഥാപനത്തിനായി എത്ര ക്വാര്‍ട്ടേഴ്സുകളാണ് ഉള്ളതെന്നും അവ ആര്‍ക്കൊക്കെയാണ് അനുവദിച്ചിരിക്കുന്നതെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ പുതുക്കിയ സ്റ്റാഫ് പാറ്റേൺ</u>

4064 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ പുതുക്കി ഉത്തരവിറക്കിയിട്ടും അതുപ്രകാരം നിയമനങ്ങൾ നടത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുക്കിയ ഉത്തരവിന്റെ പശ്ചാത്തലത്തിൽ ഡോക്ടർമാരേയും ജീവനക്കാരേയും നിയമിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ബി.എസ്.സി. കമ്മ്യൂണിറ്റി ഹെൽത്ത് കോഴ്സ്

4065 ശ്രീ. എസ്. ശർമ്മ
'' എ.എം. ആരിഫ്
'' എസ്. രാജേന്ദ്രൻ
'' കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആശുപത്രികളുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ബി.എസ്.സി. കമ്മ്യൂണിറ്റി ഹെൽത്ത് കോഴ്സ് തുടങ്ങാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ ;

(ബി) ഈ കോഴ്സിന് അംഗീകാരം നൽകാനോ നടത്താനോ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സംസ്ഥാനം ആരോഗ്യമേഖലയിൽ കൈവരിച്ച നേട്ടം നിലനിർത്താനായി സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലുൾപ്പെടെ ഒരിടത്തും ഇത്തരം വൈദഗ്ധ്യമില്ലാത്തവരെ ചികിത്സക്കായി അനുവദിക്കില്ലെന്ന നിലപാട് സ്വീകരിക്കാൻ തയ്യാറാകുമോ; ഇക്കാര്യം കേന്ദ്ര സർക്കാരിനെ അറിയിക്കുമോ ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

ഫിസിയോ തെറാപ്പിസ്റ്റുകളുടെ സ്വതന്ത്ര പ്രാക്ടീസിനുള്ള വ്യവസ്ഥകൾ

4066 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ പരിധിയിൽ ഫിസിയോ തെറാപ്പി ഉൾപ്പെടുമോ;

(ബി) സർക്കാർ മേഖലയിൽ ഫിസിയോ തെറാപ്പി സൗകര്യം നാമമാത്രമാണെന്നുള്ളതും സ്വകാര്യ ക്ലിനിക്കുകൾ വഴിയാണ് സാധാരണക്കാർക്ക് ഇത് ലഭ്യമാകുന്നതെന്നും മനസ്സിലാക്കിയിട്ടുണ്ടോ;

(സി) ഫിസിയോ തെറാപ്പിസ്റ്റുകളുടെ നിലവിലുള്ള സ്വതന്ത്ര പ്രാക്ടീസ് നിലനിറുത്തുന്നതിനാവശ്യമായ വ്യവസ്ഥകൾ നിയുക്ത ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ബില്ലിന്റെ വ്യവസ്ഥകൾ പ്രകാരം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും ചെറുകിട സ്ഥാപനങ്ങൾക്കും പ്രത്യേകം വ്യവസ്ഥകൾ ഉൾപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>മെഡിക്കല്‍ ഷോപ്പുകളും സ്വകാര്യ ക്ലിനിക് ആശുപത്രികളും</u>

4067 ശ്രീ. ഇ. ചന്ദ്രശേഖരന്‍
,, വി.എസ്. സുനില്‍ കുമാര്‍
,, ജി.എസ്. ജയലാല്‍
,, ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്താകെ എത്ര മെഡിക്കല്‍ ഷോപ്പുകളാണ് പ്രവര്‍ത്തിക്കുന്നത് ; ഓരോ ജില്ലയിലും എത്ര വിതം;

(ബി) സംസ്ഥാനത്ത് സ്വകാര്യമേഖലയില്‍ എത്ര ക്ലിനിക്കുകളും ആശുപത്രികളാണുമുള്ളതെന്ന് വിശദമാക്കാമോ;

(സി) മരുന്ന് വിതരണത്തിന്റെ പരിശോധന നടത്തുന്നതിനുള്ള ഡ്രഗ്ഗ് ഇന്‍സ്പെക്ടര്‍മാരുടെ നിലവിലെ സ്റ്റാഫ് പാറ്റേണ്‍ എത്രയാണ്;

(ഡി) ഈ സ്റ്റാഫ് പാറ്റേണ്‍ പരിഷ്ക്കരിക്കാത്തതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യ ലാബുകളുടെ പരിശോധന ഫീസ്</u>

4068 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ രജിസ്ട്രേഷനുള്ള സ്വകാര്യ ലാബുകൾ എത്രയെണ്ണം പ്രവർത്തിക്കുന്നു; അതിൽ ഈ സർക്കാർ വന്നശേഷം എത്രയെണ്ണത്തിന് രജിസ്ട്രേഷൻ നൽകി; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരം ലാബുകളിൽ ലാബ് പരിശോധനകൾക്ക് ഓരോന്നിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസും ഇവർ ഈടാക്കുന്ന ഫീസും തമ്മിൽ വലിയ അന്തരം കാണുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ വന്നശേഷം ഇത്തരത്തിൽ എത്ര സ്വകാര്യ ലാബുകൾക്കെതിരെ നടപടി എടുത്തു; എപ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ പല സ്വകാര്യ ലാബുകളിലും ഒരേ ടെസ്റ്റിന് പലവിധത്തിലുള്ള റിസൽട്ട് ആണ് നൽകുന്നത് എന്നുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ എത്ര ലാബുകൾക്കെതിരെ നടപടി എടുത്തു എന്നും എന്തു നടപടിയാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള മറ്റു സ്വകാര്യ ലാബുകൾ അമിത ഫീസും, അവശ്യം വേണ്ടുന്ന യോഗ്യതയില്ലാത്തവരെക്കൊണ്ട് പരിശോധനകൾ നടത്തുന്നതും തടയുവാൻ, ആരോഗ്യവകുപ്പ് ലാബുകൾ ഇല്ലാത്ത എല്ലാ സർക്കാർ ആശുപത്രികളിലും ലാബുകൾ തുറക്കുന്നതിനും യോഗ്യതയുള്ള ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>എച്ച്. ബി. എ. വൺ. സി. അനലൈസർ ഉപകരണം വാങ്ങിയതിലെ ക്രമക്കേട്</u>

4069 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എച്ച്. ബി. എ. വൺ. സി.അനലൈസർ എന്ന ഉപകരണം പബ്ലിക് ഹെൽത്ത് ലാബിൽ വാങ്ങുകയുണ്ടായോ എന്നും എത്ര എണ്ണം വാങ്ങിയെന്നും, എന്തു വിലയ്ക്കാണ് വാങ്ങിയതെന്നും ഏതു കമ്പനിയുടെ ഉപകരണമാണ് വാങ്ങിയതെന്നും വിതരണക്കാരൻ ആരെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉപകരണം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ വാങ്ങുകയുണ്ടായോ എന്നും എത്ര എണ്ണം എന്തു വിലയ്ക്ക് വാങ്ങിയെന്നും ഏതു കമ്പനിയുടെ ഉപകരണമാണ് വാങ്ങിയതെന്നും വിതരണക്കാരൻ ആരെന്നും വ്യക്തമാക്കുമോ;

(സി) വ്യത്യസ്ത വിലയ്ക്കാണ് പ്രസ്തുത ഉപകരണം രണ്ടു സ്ഥാപനങ്ങൾ വാങ്ങിയിട്ടുള്ളതെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കായംകുളം താലൂക്കാശുപത്രിയിൽ നിന്നും പൊതുനിരത്തിലേക്ക് മാലിന്യമൊഴുകുന്നുവെന്ന പരാതി</u>

4070 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിലെ കക്കൂസ് മാലിന്യങ്ങൾ പൊട്ടി ഒഴുകി പട്ടണത്തിലെ പൊതുനിരത്തിലേക്ക് ഒഴുകി ഗുരുതരമായ പൊതുജനാരോഗ്യ ഭീഷണി നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മാസങ്ങളായി നിലനിൽക്കുന്ന ഈ പൊതു ആരോഗ്യ പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഡോക്ടർമാർക്കെതിരെയുള്ള ശിക്ഷാ നടപടി</u>

4071 ശ്രീ. പി.കെ ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഡോക്ടർമാക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുമ്പോൾ ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുടെ ഭാഗത്തുനിന്നും ശക്തമായ പ്രതിഷേധം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിഷേധത്തെ തുടർന്ന് കുറ്റക്കാർക്കെതിരെയുള്ള ശിക്ഷാനടപടികൾ ഉപേക്ഷിക്കുകയോ ഇളവുചെയ്യുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുറ്റക്കാർക്കെതിരെ നിയമപ്രകാരം കർശന നടപടി സ്വീകരിക്കുമോ;

(ഡി) ഡോക്ടർമാർക്കെതിരെയുള്ള പരാതികൾ അന്വേഷിക്കുന്നതിനും ശിക്ഷാനടപടികൾ നിശ്ചയിക്കുന്നതിനും റിട്ടയേർഡ് ജഡ്ജി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിയ്ക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ആരോഗ്യ വകുപ്പിനുവേണ്ടി വാങ്ങിയ വാഹനങ്ങൾ</u>

4072 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ആരോഗ്യ വകുപ്പിനുവേണ്ടി എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതുതരം വാഹനങ്ങളാണ് വാങ്ങിയതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വകുപ്പിനുകീഴിലുള്ള ഏതെല്ലാം ഓഫീസുകളിലും ആശുപത്രികളിലുമാണ് അത് നൽകിയതെന്നും വ്യക്തമാക്കുമോ;

(ഡി) വാഹനങ്ങൾ വാങ്ങിയ ഇനത്തിൽ എത്ര തുക വിനിയോഗിച്ചു; ഇതിൽ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ലഭിച്ചുവെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ആരോഗ്യ വകുപ്പിൽ വ്യാജ ജാതി സർട്ടിഫിക്കറ്റ് മുഖേന ജോലി നേടിയവർക്കെതിരെയുള്ള നടപടികൾ</u>

4073 ശ്രീമതി ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ജോലി ചെയ്യുന്നവരിൽ എത്ര പേർ വ്യാജ ജാതി സർട്ടിഫിക്കറ്റ് സമർപ്പിച്ചതുമായി ബന്ധപ്പെട്ട കേസിൽ അന്വേഷണം നേരിടുന്നു; അവർ ആരെല്ലാം; ഏതു തസ്തികകളിൽ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരക്കാർക്കെതിരെ ഏതെല്ലാം തലത്തിലുള്ള അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്;

(സി) ഓരോ വ്യക്തികളും അവകാശപ്പെട്ട ജാതിയും അന്വേഷണത്തിൽ കണ്ടെത്തിയ ജാതിയും ഏതെല്ലാമാണ്;

(ഡി) കുറ്റക്കാർക്കെതിരെ എന്തെല്ലാം ശിക്ഷാനടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ഇ) ശിക്ഷാ നടപടികൾ കൈക്കൊണ്ടിട്ടില്ല എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>അമൃതം ആരോഗ്യം പദ്ധതി</u>

4074 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമൃതം ആരോഗ്യം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>മൃതസഞ്ജീവനി പദ്ധതി</u>

4075 ശ്രീ. കെ. ശിവദാസൻ നായർ
,, കെ. മുരളീധരൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'മൃതസഞ്ജീവനി പദ്ധതിക്ക്' രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) രോഗികൾക്ക് അവയവദാനം നൽകി ജീവൻ രക്ഷിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള എന്തെല്ലാം നിർദ്ദേശങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ;

(ഡി) പദ്ധതിക്കായി പ്രത്യേക ഫണ്ട് രൂപീകരിക്കാറുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

ജനനി -ശിശു സുരക്ഷാ പദ്ധതി

4076 ശ്രീ. എം. പി. വിൻസെന്റ്
,, ബെന്നി ബഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃ-ശിശുമരണനിരക്ക് കുറയ്ക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ 'ജനനി ശിശു സുരക്ഷാ പദ്ധതി' കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയിൻ കീഴിൽ എന്തെല്ലാം സേവനങ്ങളും ചികിത്സകളുമാണ് സ്ത്രീകൾക്കും കുട്ടികൾക്കും ലഭിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ചികിത്സയ്ക്കുള്ള ചെലവുകൾ ആരാണ് വഹിക്കുന്നത് ; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ആശുപത്രികളിലാണ് ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>ആശ വർക്കർമാർക്ക് ഇൻസെന്റീവ്</u>

4077 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആശ വർക്കർമാർക്കുള്ള ഇൻസെന്റീവ് വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>തൃശൂർ മെഡിക്കൽ കോളേജിനെ മിനി ആർ.സി.സി. യാക്കാൻ നടപടി</u>

4078 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ മെഡിക്കൽ കോളേജിനെ മിനി ആർ.സി.സി. യാക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അംഗീകാരം ലഭിക്കുന്നതിന് സർക്കാർ ഇടപെടൽ ശക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>തൃശൂർ മെഡിക്കൽകോളേജിലെ കാലഹരണപ്പെട്ട ചികിത്സാ ഉപകരണങ്ങൾ</u>

4079 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട ചികിത്സാ സംവിധാനങ്ങൾ തൃശൂർ മെഡിക്കൽ കോളേജിലെത്തുന്ന ക്യാൻസർ രോഗികളെ ദുരിതത്തിലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലഹരണപ്പെട്ട റേഡിയേഷൻ യന്ത്രം നിരന്തരം കേടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തൃശൂർ മെഡിക്കൽ കോളേജിൽ ലീനിയർ ആക്സലറേറ്റർ മെഷീൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

പി. ഇൗ. ഐ. ഡി. സെല്ലിന്റെ പ്രവര്‍ത്തനം

4080 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ മെഡിക്കല്‍ കോളേജുകളെ ഏകോപിപ്പിച്ചു വിവിധതരം പനികളും പകര്‍ച്ചവ്യാധികളും നിയന്ത്രിക്കുന്ന പി. ഇൗ. ഐ. ഡി. സെല്ലിന്റെ പ്രവര്‍ത്തനം മന്ദീഭവിച്ചിട്ടുള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) 2012 മുതല്‍ 2015 വരെയുള്ള വര്‍ഷങ്ങളില്‍ എത്ര രൂപ വീതം പ്ലാന്‍ ഫണ്ടില്‍ നിന്നും ഓരോ സാമ്പത്തിക വര്‍ഷവും സെല്ലിന്റെ പ്രവര്‍ത്തനങ്ങള്‍ക്കായി ചെലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) ഫണ്ട് കുറച്ചുകൊണ്ടു വന്നതിന് കാരണം എന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2014–ലെ മറുപടിക്ക്

<u>ആലപ്പുഴ മെഡിക്കൽ കോളേജിൽ 'മാലിന്യ ട്രീറ്റ്മെന്റ് പ്ലാന്റ്'</u>

4081 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ നിലവിൽ എങ്ങനെയാണ് മാലിന്യങ്ങൾ സംസ്കരിക്കുന്നത്; വിശദമാക്കുമോ;

(ബി) മെഡിക്കൽകോളേജുകളിൽ 'ട്രീറ്റ്മെന്റ് പ്ലാന്റ്' സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(സി) ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; എത്രയാണ് അടങ്കൽ തുക; പണി എന്നത്തേക്ക് പൂർത്തീകരിക്കും; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

കൊച്ചി മെഡിക്കൽ കോളേജിലെ പി.ജി. കോഴ്സുകളിലേക്കുള്ള പ്രവേശനം

4082 ശ്രീ. എ.കെ. ശശീന്ദ്രൻ
'' തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ പി.ജി. ഡിപ്ലോമ കോഴ്സുകളുടെ പ്രവേശന നടപടികൾ സുതാര്യമാക്കാത്തതിനാൽ കൊച്ചി മെഡിക്കൽ കോളേജിന് അനുവദിച്ച അഞ്ച് പി.ജി. കോഴ്സുകൾ ഇക്കൊല്ലം നഷ്ടമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേന്ദ്ര ക്വാട്ടയിൽ പ്രവേശനത്തിനുള്ള അവസാന ലിസ്റ്റിൽ ഈ കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ ; കേന്ദ്ര ക്വാട്ടയിലേക്കുള്ള അവസാന ഓപ്ഷൻ നൽകേണ്ടത് എന്നായിരുന്നുവെന്ന് വ്യക്തമാക്കുമോ ; ഓപ്ഷൻ നൽകിയിട്ടില്ലെങ്കിൽ അതിന് ഉത്തരവാദി ആരാണെന്ന് വെളിപ്പെടുത്തുമോ ;

(സി) സുപ്രീം കോടതി നിർദ്ദേശപ്രകാരം സംസ്ഥാന ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടത് എന്നാണെന്ന് വ്യക്തമാക്കുമോ ; ഈ തീയതിക്കകം സംസ്ഥാന ലിസ്റ്റ് പ്രസിദ്ധപ്പെടുത്താൻ സാധിക്കുമോയെന്ന് വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഡി. ആർ. ടി. കോഴ്സ് നടത്തുന്ന സ്ഥാപനങ്ങൾ</u>

4083 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരാമെഡിക്കൽ കൗൺസിലിന്റെ അംഗീകാരമുള്ള ഡിപ്ലോമ ഇൻ റേഡിയോളജിക്കൽ ടെക്നോളജി (ഡി. ആർ. ടി.)എന്ന കോഴ്സ് നടത്തുന്ന എത്ര സ്ഥാപനങ്ങൾ കേരളത്തിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന അലോപ്പതി ഡോക്ടർമാർ

4084 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും സർക്കാർ മെഡിക്കൽ കോളേജുകൾ, സ്വകാര്യ മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ നിന്നും എത്ര പേരാണ് അലോപ്പതി ഡോക്ടർമാരായി പുറത്തിറങ്ങുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും നിന്നുള്ള കണക്കുകൾ പ്രത്യേകമായി ലഭ്യമാക്കാമോ; അന്യസംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും മെഡിക്കൽ ബിരുദം നേടി തിരിച്ചെത്തുന്നവരുടെ വർഷംതോറുമുള്ള കണക്കുകൾ ലഭ്യമാണോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുമായുള്ള ധാരണ</u>

4085

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മെഡിക്കൽ എൻട്രൻസിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി മെറിറ്റ് സീറ്റിലുള്ള പ്രവേശനത്തിന്റെ ശതമാനം തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

(ബി) ഫീസ് ഘടനയുടെ കാര്യത്തിലും സ്വാശ്രയ മാനേജ്മെന്റുമായി സർക്കാർ ധാരണയിൽ എത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(സി) ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ അധിക ച്ചുമതല</u>

4086 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ പ്രവൃത്തിസമയം തിയറി, പ്രാക്ടിക്കൽ എന്നീ വിഭാഗങ്ങളായി എങ്ങനെയാണ് ക്രമീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പാരാമെഡിക്കൽ കോഴ്സുകൾക്ക് ക്ലാസെടുക്കുവാൻ മെഡിക്കൽ കോളേജ് ഡോക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രസ്തുത ഇനത്തിൽ അവർക്ക് ഏതു നിരക്കിൽ പ്രതിഫലം നൽകി വരുന്നുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഇങ്ങനെ മെഡിക്കൽ കോളേജ് അധ്യാപകർക്ക് അധിക ചുമതലയും അധിക പ്രതിഫലവും നൽകുന്നത് ഏത് നിയമം, ചട്ടം, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>ഡോക്ടർമാരുടെ വിരമിക്കൽ പ്രായം</u>

4087 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ വിരമിക്കൽ പ്രായപരിധി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പ്രൊഫഷണൽ ട്യൂട്ടർ തസ്തിക</u>

4088 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ ട്യൂട്ടർ എന്ന തസ്തിക ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയുടെ യോഗ്യത, ശമ്പള നിരക്ക്, ജോലിയുടെ സ്വഭാവം, നിയമന രീതി ഇവ എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ മെഡിക്കൽ കോളേജിലും പ്രസ്തുത തസ്തികയിൽ എത്ര പേരെ വീതം നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തിക സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ തസ്തിക സൃഷ്ടിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റിലെ സ്റ്റാഫ് പാറ്റേൺ</u>

4089 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റിൽ എത്ര പ്രൊഫസർ പോസ്റ്റ് നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ വ്യവസ്ഥ അനുസരിച്ച് എത്ര അദ്ധ്യാപകർ വേണമെന്നും ഇത് ഏതൊക്കെ തസ്തികകളാണെന്നും എത്ര തസ്തികകളിൽ ആരൊക്കെയാണ് ജോലിചെയ്യുന്നത് എന്നും വിശദമാക്കുമോ;

(സി) പ്രസ്തുത ഡിപ്പാർട്ട്മെന്റിൽ എത്ര പി.ജി സീറ്റ് ഉണ്ടെന്നും ഇതിന് ആനുപാതികമായി അദ്ധ്യാപകർ നിലവിലുണ്ടോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം</u>

4090 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) മെഡിക്കൽ കോളേജിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>ആയുഷ്മാൻഭവ പദ്ധതി</u>

4091 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി, ആയുർവ്വേദം, യോഗ, നാച്യൂറോപ്പതി എന്നീ ചികിത്സാസമ്പ്രദായങ്ങൾ ഒരുമിപ്പിച്ച് സമഗ്ര ജീവിതശൈലി രോഗനിവാരണ പദ്ധതിയായ ആയുഷ്മാൻഭവ എപ്പോഴാണ് സംസ്ഥാനത്ത് ആരംഭിച്ചത് ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ക്ലിനിക്കുകൾ സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് പ്രവർത്തിച്ചുവരുന്നത്;

(സി) 2012-2013, 2013-2014 വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്കായി എത്ര തുക അനുവദിച്ചിരുന്നുവെന്നും ഈ സാമ്പത്തിക വർഷം എത്ര തുക നീക്കിവച്ചുവെന്നും വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതി തുടർന്ന് നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ആയുർവേദ ആശുപത്രികളിൽ എൻ.ആർ.എച്ച്.എം.(ആയുഷ്) പദ്ധതിപ്രകാരം ഡോക്ടർമാരുടേയും തെറാപ്പിസ്റ്റുകളുടേയും നിയമനം

4092 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവേദ ആശുപത്രികളിൽ എൻ. ആർ.എച്ച്.എം. (ആയുഷ്) പദ്ധതിപ്രകാരം എത്ര ഡോക്ടർമാരെയും, തെറാപ്പിസ്റ്റുകളെയുമാണ് നിയമിച്ചിട്ടുള്ളത്; ഇവരുടെ നിയമന കാലാവധി എത്ര വർഷമാണ്; ഇവരുടെ പ്രതിമാസ വേതനം എത്ര രൂപ വീതമാണ് നിശ്ചയിച്ചിട്ടുള്ളത്;

(ബി) തെറാപ്പിസ്റ്റുകളുടെ സേവനം 31.03.2014 കൊണ്ട് അവസാനിക്കുകയും, ആതേസമയം ഡോക്ടർമാർ ശമ്പള വർദ്ധനവോടുകൂടി തുടരുകയും ചെയ്യുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു എന്നു വ്യക്തമാക്കുമോ;

(സി) പത്തനംതിട്ട ജില്ലാ ആയുർവേദാശുപത്രിയിൽ പഞ്ചകർമ്മ തെറാപ്പിസ്റ്റുകളായി ഇങ്ങനെ ജോലി നോക്കി വന്നവർക്ക് ഒൻപതുമാസത്തെ ശമ്പളം നൽകാതെ മാർച്ച് 31ന് പിരിച്ചുവിട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒൻപതുമാസത്തെ ശമ്പളം നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; ഈ ശമ്പളം എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്ത് മറ്റെവിടെയൊക്കെ സമാനരീതിയിൽ തെറാപ്പിസ്റ്റുകളുടെ ശമ്പളം മുടങ്ങിയിട്ടുണ്ട്;

(ഡി) 100 കിടക്കകളും ഒ.പി.യുമുള്ള പത്തനംതിട്ട ജില്ലാ ആയുർവേദാശുപത്രിയിൽ, നിയമമനുസരിച്ച് എത്ര തെറാപ്പിസ്റ്റുകളെയാണ് വേണ്ടത്; എത്ര തസ്തികകൾ ഇവിടെ അനുവദിച്ചിട്ടുണ്ട്; യോഗ്യതയുള്ള തെറാപ്പിസ്റ്റുകളുടെ സേവനം ഉറപ്പു വരുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ടെസ്റ്റിംഗ് സെന്ററുകൾ

4093 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എത്ര ടെസ്റ്റിംഗ് സെന്ററുകൾ സർക്കാർ തലത്തിൽ ഉണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ ടെസ്റ്റിംഗ് സെന്ററുകളിൽ ഒരു ദിവസം എത്ര ടെസ്റ്റുകൾ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഹോമിയോ ഡിസ്പൻസറികളിലെ ഒഴിവുകൾ</u>

4094 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോമിയോ ഡിസ്പെൻസറികളിൽ നേഴ്സുമാരുടെയും, ഫാർമസിസ്റ്റുമാരുടെയും നിലവിലുള്ള ഒഴിവുകൾ എത്ര വീതമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഹോമിയോ ഡിസ്പെൻസറികളുടെ പ്രവർത്തനം</u>

4095 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാം ;

(ബി) ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നില്ല ; കാരണമെന്ത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ ഹോമിയോ ആശുപത്രി പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്ന് വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

**കോഴിക്കോട് ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജിലെ പേവാർഡ്**

4096 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജിൽ ഇപ്പോൾ പേവാർഡ് സംവിധാനം ലഭ്യമാണോ;

(ബി) ഇല്ലെങ്കിൽ ഈ സംവിധാനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഹോമിയോപ്പതി ആശുപത്രികളിലെ ഒഴിവുകൾ</u>

4097 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഹോമിയോപ്പതി വകുപ്പിനു കീഴിലെ വിവിധ ആശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവിടങ്ങളിലായി വിവിധ തസ്തികകളിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് സ്ഥാപനം, തസ്തിക, എണ്ണം തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഒഴിവുകൾ നികത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ശബരിമല മാസ്റ്റർ പ്ലാൻ</u>

4098 ശ്രീ. പി. എ. മാധവൻ
,, കെ. മുരളീധരൻ
,, പി. സി. വിഷ്ണുനാഥ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കായി ഈ വർഷത്തെ സീസണിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതു സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ; ഇനിയും നടപ്പിലാക്കാൻ കഴിയാത്ത പ്രധാന നിർദ്ദേശങ്ങൾ ഏതെല്ലാമെന്നും അറിയിക്കാമോ ;

(സി) ശബരിമലയിലെ മാലിന്യനിർമാർജ്ജനം, തീർത്ഥാടകർക്ക് കുടിവെള്ളം, താമസസൗകര്യങ്ങൾ എന്നിവയ്ക്കായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ക്ഷേത്രങ്ങളിലെ സ്വര്‍ണ്ണം, വെള്ളി ഉരുപ്പടികളുടെ കണക്കെടുപ്പ്

4099

ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, വി. ശിവന്‍കുട്ടി
,, സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവിതാംകൂര്‍ ദേവസ്വം ബോര്‍ഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളില്‍ നടവരുമാനമായി കിട്ടിയ സ്വര്‍ണ്ണം, വെള്ളി ഉരുപ്പടികളുടെ കൃത്യമായ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

(ബി) ഇവയുടെ മേല്‍നോട്ടത്തിനും തുടര്‍ പരിശോധനയ്ക്കുമായി എന്തു സംവിധാനമാണ് ഉള്ളതെന്ന് അറിയിക്കാമോ;

(സി) പരിശോധനയില്‍ വ്യത്യാസം കണ്ടെത്തിയതായുള്ള വാര്‍ത്ത ശ്രദ്ധയില്‍പ്പെട്ടിരുന്നോ; ഇക്കാര്യങ്ങളില്‍ എന്തു നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര മണികണ്ഠേശ്വരം മഹാഗണപതി ക്ഷേത്ര വരുമാനം</u>

4100 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണികണ്ഠേശ്വരം മഹാഗണപതി ക്ഷേത്രത്തിൽ നിന്നും 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ പി. ഡി. അക്കൗണ്ടിലേക്ക് എത്ര തുക ലഭിച്ചിട്ടുണ്ട്;

(ബി) ക്ഷേത്രത്തിൽ എത്ര ജീവനക്കാരുണ്ടെന്നും ക്ഷേത്ര നടത്തിപ്പിനായി പ്രസ്തുത വർഷങ്ങളിൽ എന്തു തുക ചെലവായി എന്നുമുള്ള വിവരം വെളിപ്പെടുത്തുമോ ;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കൊട്ടാരക്കര ഗ്രൂപ്പിൽ ഏറ്റവും കൂടുതൽ വരുമാനമുള്ള പത്ത് ക്ഷേത്രങ്ങൾ ഏതെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>വള്ളിക്കാട്ട് കാവ് ക്ഷേത്രത്തിന്റെ പുനഃരുദ്ധാരണം</u>

4101 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് തലക്കളത്തൂർ ഗ്രാമപഞ്ചായത്തിലെ ശ്രീ. വള്ളിക്കാട്ട് കാവ് ക്ഷേത്രത്തിലെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി മലബാർ ദേവസ്വം ബോർഡ് 29-9-2012-ലെ 88-ാം നമ്പർ തീരുമാനപ്രകാരം ക്ഷേത്രത്തിനനുവദിച്ച 20 ലക്ഷം രൂപയുടെ അനുമതിക്കായി പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ അംഗീകരിച്ച് തുക അനുവദിക്കുന്നതിനുള്ള ശുപാർശ ബോർഡ് മുമ്പാകെ സമർപ്പിക്കാൻ 16-6-2013-ലെ സർക്കാർ കത്ത് പ്രകാരം മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ നിർദ്ദേശത്തെത്തുടർന്ന് വള്ളിക്കാട്ട് കാവ് ക്ഷേത്രത്തിന്റെ പുനഃരുദ്ധാരണത്തിന് തുക ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ തുക ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

മാടായിക്കാവിൽ ക്ഷേത്ര കലാ അക്കാദമി

4102 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മാടായിക്കാവിൽ ക്ഷേത്ര കലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും ഭരണ സമിതി രൂപീകരിക്കുകയും ചെയ്തെങ്കിലും ഇതുവരെ കോഴ്സുകൾ തുടങ്ങിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോഴ്സുകൾ എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്നും കോഴ്സുകൾ തുടങ്ങുന്നതിന് എന്താണ് തടസ്സമെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത ഭരണ സമിതിയിൽ ചിറക്കൽ കോവിലകം ദേവസ്വം ട്രസ്റ്റിയെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?